കൾച്ചർ വാനില തൈകൾ കഴക്കൂട്ടത്തെ ബയോ ടെക്നോളജി ആന്റ് മോഡൽ ഫ്ളോറി കൾച്ചർ സെന്ററിൽ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നതിനായി 14.97 ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നു.

സ്പൈസസ് ബോർഡുവഴി ചെറുകിട നാമമാത്ര കർഷകർക്ക് 5 രൂപ നിരക്കിൽ നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നു. കൂടാതെ വേരു പിടിപ്പിച്ച വാനില തൈകൾ 8 രൂപ നിരക്കിലും, ടിഷ്യു കൾച്ചർ തൈകൾ 4.50 രൂപയ്ക്കും വിപണനം നടത്തിവരുന്നു. ഈ വർഷം 8 ലക്ഷം വള്ളികൾ സ്പൈസസ് ബോർഡു വിതരണം നടത്തും. 5,000 ഹെക്ടറിൽ കൃഷി വ്യാപിപ്പിക്കാനും (10-ാം പഞ്ചവത്സര പദ്ധതിയിൽ) ലക്ഷ്യമിട്ടിട്ടുണ്ട്.

2003-2004-ൽ സംസ്കരണ യൂണിറ്റുകൾക്കായി 2,500 രൂപ നിരക്കിൽ കർഷകർക്ക് ധനസഹായം നൽകിവരുന്നു. 10-ാം പദ്ധതിയിൽ 12.5 ലക്ഷം രൂപ ചെലവഴിച്ച് 500 യൂണിറ്റുകൾ സ്ഥാപിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

കൂടാതെ നല്ല വാനില കൃഷിക്കാർക്ക് അവാർഡുകൾ നൽകാനും ഇതിലേക്കായി 1-ാം സമ്മാനം 25,000 രൂപയും രണ്ടാം സമ്മാനം 15,000 രൂപയും നൽകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

കർഷകർക്ക് പെൻഷൻ പദ്ധതി

67 [2930] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, ഡൊമിനിക് പ്രസന്റേഷൻ:
,, കെ. ബാബു:
,, എം. മുരളി:
,, വി. ജെ. പൗലോസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്ന സംസ്ഥാനത്തെ കൃഷിരംഗം ഈയിടെ ഉണ്ടായ വരൾച്ചമൂലം കൂടുതൽ ദുർഘടാവസ്ഥയിലെത്തിയ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൃഷി രംഗത്ത് ഉണ്ടായ ഈ അധഃപതനത്തെ തുടർന്നുണ്ടായ ഉല്പാദനമാന്ദ്യം കർഷകനെ തളർത്തിയിട്ടുണ്ടോ;

(സി) കഷ്ടസ്ഥിതിയിലായ കർഷകനെ സഹായിക്കുന്നതിന്റെ ഭാഗമായി കർഷകർക്ക് പെൻഷൻ പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശമുണ്ടോ;

(ഡി) എങ്കിൽ അവ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഭാഗികമായി തളർത്തിയിട്ടുണ്ട്.

(സി, ഡി) ഇതു സംബന്ധിച്ച യാതൊരു തീരുമാനവും സർക്കാർ കൈക്കൊണ്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly